(ബി) ട്രഷറി നിയന്ത്രണം മൂലം ബില്ലുകൾ മാറാനാവാത്തതുകൊണ്ട് പുനരധിവാസ പദ്ധതി പ്രകാരം വിവിധ പ്രദേശങ്ങളിൽ പുനരധിവസിപ്പിച്ച ആദിവാസി കുടുംബങ്ങൾക്ക് നൽകി വന്നിരുന്ന റേഷൻ വിതരണം പലപ്പോഴും തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാലും പട്ടിണിമൂലവും പുനരധിവസിപ്പിക്കപ്പെട്ട ആദിവാസികൾ സ്ഥലം വിട്ടുപോകുന്നത് ഒഴിവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ) ട്രൈബൽ മിഷന്റെ പ്രവർത്തനങ്ങളെ ട്രഷറി നിയന്ത്രണ ഉത്തരവുകൾ ബാധിക്കുന്നില്ല.

(ബി) പ്രശ്നം ഉദിക്കുന്നില്ല.

(സി) പുനരധിവാസ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

ഗ്രേഡിംഗ് സമ്പ്രദായവും അദ്ധ്യാപക പരിശീലനവും

*10 [343] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. പി. ജെ. ജോയി:
,, ജോർജ് ജെ. മാത്യു:
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രേഡിംഗ് സമ്പ്രദായത്തിന് അനുസരിച്ചുള്ള ബോധനം നൽകുവാൻ എല്ലാ അദ്ധ്യാപകർക്കും പരിശീലനം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതുവരെ എത്ര ശതമാനം അദ്ധ്യാപകർക്ക് ഇത്തരത്തിലുള്ള പരിശീലനം നൽകി എന്ന് വെളിപ്പെടുത്തുമോ;

(സി) ബാക്കിയുള്ളവർക്ക് എന്നത്തേക്ക് പരിശീലനം നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) 2005-2006 അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പായി 43,000 അദ്ധ്യാപകർക്ക് മൂന്ന് ഘട്ടമായി 2 ദിവസത്തെ പരിശീലനം നൽകിയിട്ടുണ്ട്. ഇതുവരെ പരിശീലനം ലഭിക്കാത്ത 20,000 അദ്ധ്യാപകർക്ക് 5 ദിവസത്തെ പരിശീലനം ഇപ്പോൾ നടത്തിവരുന്നു.

(ബി) 68% പേർക്ക്.

(സി) ജൂലൈ 30-ന് മുമ്പ് ഹൈസ്കൂൾ തലത്തിലുള്ള എല്ലാ അദ്ധ്യാപകരുടേയും പരിശീലന പരിപാടി പൂർത്തിയാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly